പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2832 — 12.10.2011-ൽ മറുപടിയ്ക്ക്

# 12-ാം പഞ്ചവത്സര പദ്ധതിയുടെ കർമ്മസമിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) 12-ാം പഞ്ചവത്സര പദ്ധതി രൂപവത്ക്കരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(ബി) ഇതിനായി സംസ്ഥാന ആസൂത്രണ ബോർഡിനു കീഴിൽ വിവിധ വിഷയങ്ങളിൽ പദ്ധതികൾ ആവിഷ്ക്കരിക്കാൻ കർമ്മ സമിതികൾ രൂപീകരിക്കുമോ ; | (എ)<br>(ബി) 12-ാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിനായി സംസ്ഥാന ആസൂത്രണ ബോർഡ് വിവിധ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സമീപന രേഖ തയ്യാറാക്കൽ, കർമ്മ സമിതികളുടെ രൂപീകരണം എന്നിവ പുരോഗമിക്കുകയും ചെയ്യുന്നു. ഇതിനകം വിവിധ വിഷയങ്ങളിൽ 47 കർമ്മസമിതികൾ രൂപീകരിക്കുകയും അതിന്റെ ചർച്ചകൾ പുരോഗമിക്കുന്നു. ഉടൻ തന്നെ അതിന്റെ കരട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നതാണ്. |
| (സി) എങ്കിൽ രൂപീകരിക്കുന്ന കർമ്മ സമിതികളുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും എങ്ങനെയായിരിക്കണമെന്നാണ് വിഭാവനം ചെയ്യുന്നതെന്നു വ്യക്തമാക്കുമോ ; | (സി) ഓരോ കർമ്മസമിതിയും അതാത് വിഷയത്തിന്റെ അടിസ്ഥാനത്തിൽ 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് സ്വീകരിക്കേണ്ട മുൻഗണനാ പദ്ധതികളും നയപരമായ കാര്യങ്ങളും നിർദ്ദേശിക്കുക എന്നതാണ് പ്രധാനപ്പെട്ട ലക്ഷ്യം. |
| (ഡി) ആരെയൊക്കെ അംഗങ്ങളാക്കിയാണ് ഇത്തരം കർമ്മ സമിതികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ? | (ഡി) വിവിധ കർമ്മസമിതികൾക്ക് ഔദ്യോഗിക/അനൗദ്യോഗിക അംഗങ്ങൾ, വിദഗ്ദ്ധർ, സന്നദ്ധ സംഘടനകളിലെ പ്രതിനിധികൾ, മറ്റ് മേഖലകളിലെ പ്രതിനിധികൾ എന്നിവരാണ് അംഗങ്ങൾ. |

സെക്ഷൻ ഓഫീസർ